# Desabhimani

## 31 August 2018

## Kochi, After Flood, Flood Affected Areas, Drinking Water, Free Quality Inspection



### കുടിവെള്ള ഗുണനിലവാര പരിശോധന സൗജന്യം

**കൊച്ചി**

വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ കുടിവെള്ള സാമ്പിളുകളുടെ ഗുണനിലവാര പരിശോധന വാട്ടർ അതോറിറ്റിയുടെ ആലുവ, നെട്ടൂർ, വടക്കൻ പറവൂർ ലാബുകളിൽ സൗജന്യമായി പരിശോധിച്ചു നൽകും. പരിശോധനയ്ക്കായി രണ്ടു ലിറ്റർ ജലം പ്ലാസ്റ്റിക് ക്യാനിൽ കൊണ്ടുവരണം. സാമ്പിൾ ശേഖരിക്കുന്നതിന് മുമ്പ് അഞ്ചു ദിവസമെങ്കിലും തുടർച്ചയായി, 1000 ലിറ്ററിന് അഞ്ചു ഗ്രാം എന്ന കണക്കിൽ ബ്ലീച്ചിങ് പൗഡർ കലക്കി ഒഴിച്ച് ശുദ്ധീകരിക്കണം.